● ജമാൽ കടന്നപ്പള്ളി

# അല്ലാഹുവുമായുള്ള ബന്ധം

ഒരു വിശ്വാസിയുടെ ഏറ്റവും വലിയ കൈമുതൽ അല്ലാഹുവുമായുള്ള അവന്റെ സുദൃഢമായ മാനസിക ബന്ധമാണ്. അല്ലാഹു തന്റെ പ്രവാചകനോട് പറയുന്നു: "താങ്കളുടെ നാഥന്റെ നാമം സ്മരിക്കുകയും എല്ലാറ്റിൽനിന്നും വിരമിച്ച് അവനിലേക്ക് മാത്രം ഉന്മുഖനാവുകയും ചെയ്യുക" (*അൽ മുസ്സമ്മിൽ* 8). ഈ സൂക്തത്തിലെ 'തബത്തൽ ഇലൈഹി തബ്തീലാ' (അവനിൽ മാത്രം എല്ലാം അർപ്പിക്കുക) എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. മനുഷ്യാത്മാവ് അല്ലാഹുവുമായി സാധിച്ചെടുക്കേണ്ടുന്ന ബന്ധം ഒരിക്കലും ഏതു പ്രതികൂല സാഹചര്യത്തിലും പൊട്ടിപ്പോകാൻ പാടില്ലാത്തത്ര ശക്തവും സുദൃഢവും സുഭദ്രവുമായിരിക്കണം. മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹിയുടെ ഭാഷയിൽ, ജീവിതം എന്ന കപ്പലിനെ കാറ്റിലും കോളിലും താങ്ങി നിർത്തുന്ന നങ്കൂരമത്രെ ഇവിടെ പറഞ്ഞ -തബത്തൽ ഇലൈഹി- നാഥനുമായുള്ള ഈ അതിശക്തമായ മാനസികബന്ധം. വിശുദ്ധ ഖുർആൻ ഈ ബന്ധം പരാമർശിക്കുന്നതിനു തൊട്ടു മുമ്പ് പറഞ്ഞ കാര്യവും ശ്രദ്ധിക്കേണ്ടതാണ്. "പകൽവേളയിൽ താങ്കൾക്ക് വളരെ ജോലിത്തിരക്കാണ്" (*അൽ മുസ്സമ്മിൽ* 7). ഉദ്ദേശ്യം വ്യക്തമാണ്. ഇസ്ലാമിക പ്രവർത്തനം എന്ന നമ്മുടെ ജോലി യഥാവിധി നടക്കണമെങ്കിൽ സാക്ഷാൽ രക്ഷിതാവിന്റെ നിരീക്ഷണത്തിലാണ് നാമുള്ളത് എന്ന ബോധം നിരന്തരം നമ്മെ ഭരിക്കേണ്ടതുണ്ട്. ഈ ബോധം എപ്പോൾ മുറിയുന്നുവോ അപ്പോൾ നാം ജോലിക്കിടയിൽ അസമയത്ത് വിശ്രമിക്കുകയും വെടി പറഞ്ഞു രസിക്കുകയും ജോലിയിൽ ചതിയും വഞ്ചനയും കാട്ടുകയും ചെയ്യും.

**അല്ലാഹുവെ കണ്ടെത്തിയാൽ മാത്രമേ നമ്മുടെ ഈമാൻ, തൗഹീദ് മധുരിമ നിറഞ്ഞ ഒരനുഭവമാവുകയുള്ളൂ. അത്തരം ഈമാനുള്ളവർക്കേ പ്രബോധനമേഖലയിൽ ത്യാഗനിർഭരമായി ശോഭിക്കാൻ സാധിക്കുകയുള്ളൂ. അവർക്കേ ഉൾക്കാമ്പുള്ള ഇസ്ലാമിക പ്രവർത്തകരാകാൻ കഴിയൂ. അല്ലെങ്കിൽ 'ഒച്ചവെക്കുന്ന ഒഴിഞ്ഞ പാത്രങ്ങൾ' പോലെ നമുക്ക് കുറേ ബഹളം സൃഷ്ടിക്കാൻ സാധിച്ചെന്നു വരാം.**

ഈ സൂക്തത്തിൽ നാഥനുമായുള്ള ബന്ധത്തിന്റെ കാതൽ 'ദിക്റ്' (സ്തോത്രം) ആണെന്നു പറഞ്ഞിട്ടുണ്ട്. അധരംകൊണ്ടുള്ള ദൈവസ്തോത്രം എന്നതിലുപരി, നാഥന്റെ നിരീക്ഷണത്തെക്കുറിച്ച സുദൃഢബോധ്യം എന്നത്രെ അതിന്റെ അർഥം. വിശുദ്ധ ഖുർആൻ ധാരാളം സ്ഥലങ്ങളിൽ ഈ ആശയം സമർപ്പിച്ചിട്ടുണ്ട്. അല്ലാഹു പറയുന്നു: "ഏതൊരുവനെ മുൻനിർത്തിയാണോ നിങ്ങൾ പരസ്പരം അവകാശങ്ങൾ ചോദിക്കുന്നത്, ആ അല്ലാഹുവിനെ ഭയപ്പെടുവിൻ. കുടുംബബന്ധങ്ങൾ ശിഥിലമാകുന്നത് സൂക്ഷിക്കുകയും ചെയ്യുവിൻ. <u>അല്ലാഹു നിങ്ങളെ സദാ നിരീക്ഷിക്കുന്നവനാണ്</u>" (*അന്നിസാഅ്* 1). ഇതിലെ അടിവരയിട്ട ഭാഗം അതിവിപുലമായ ഒരു തത്ത്വം ഉൾക്കൊള്ളുന്നുണ്ട്. അതത്രെ മുറാഖബ. അഥവാ സൃഷ്ടികളുടെ മേലുള്ള സ്രഷ്ടാവിന്റെ നിതാന്തമായ നിരീക്ഷണം.

അല്ലാഹുവിനെ അറിയേണ്ടവിധം അറിയാൻ ശ്രമിക്കുന്നവന് മാത്രമേ നാഥൻ തന്നെ നിരീക്ഷിക്കുന്നുണ്ടെന്ന ബോധം ആഴത്തിൽ വേരുറക്കുകയുള്ളൂ. അല്ലാഹു പറഞ്ഞതായി നബി(സ) പറയുന്നു: "എന്റെ ദാസന്മാരേ, എന്നെ തേടുക. കണ്ടെത്താം. എന്നെ കണ്ടെത്തിയാൽ നിങ്ങൾ എല്ലാം കണ്ടെത്തി. എന്നെ നഷ്ടപ്പെട്ടാലോ എല്ലാം നഷ്ടപ്പെട്ടു". അതെ, അല്ലാഹുവെ കണ്ടെത്തിയാൽ മാത്രമേ നമ്മുടെ ഈമാൻ, തൗഹീദ് മധുരിമ നിറഞ്ഞ ഒരനുഭവമാവുകയുള്ളൂ. അത്തരം ഈമാനുള്ളവർക്കേ പ്രബോധനമേഖലയിൽ ത്യാഗനിർഭരമായി ശോഭിക്കാൻ സാധിക്കുകയുള്ളൂ. അവർക്കേ ഉൾക്കാമ്പുള്ള ഇസ്ലാമിക പ്രവർത്തകരാകാൻ കഴിയൂ. അല്ലെങ്കിൽ 'ഒച്ചവെക്കുന്ന ഒഴിഞ്ഞ പാത്രങ്ങൾ' പോലെ നമുക്ക് കുറേ ബഹളം സൃഷ്ടിക്കാൻ സാധിച്ചെന്നു വരാം. സയ്യിദ് മൗദൂദി അതേക്കുറിച്ച് ഇങ്ങനെ കുറിക്കുന്നു: "ആദർശങ്ങളിൽ അല്ലാഹുവിലുള്ള വിശ്വാസത്തിനും ആരാധനകളിൽ അല്ലാഹുവുമായുള്ള ബന്ധത്തിനും, സ്വഭാവങ്ങളിൽ അല്ലാഹുവോടുള്ള ഭയഭക്തിക്കും, ഇടപാടുകളിൽ അല്ലാഹുവിന്റെ തൃപ്തി കാംക്ഷിക്കുന്നതിനുമാണ് പ്രഥമ സ്ഥാനമുള്ളത്. ചുരുക്കത്തിൽ നമ്മുടെ മുഴുവൻ ജീവിതവും ശരിപ്പെട്ട് പരിശുദ്ധമായിത്തീരണമെങ്കിൽ എല്ലാവിധ ത്യാഗ പരിശ്രമങ്ങളിലും അല്ലാഹുവിന്റെ പൊരുത്തവും സാമീപ്യവുമാകുന്ന ലക്ഷ്യം മറ്റെല്ലാ ഉദ്ദേശ്യങ്ങളെക്കാളും മുന്നണിയിൽ നിലകൊള്ളണം.... അല്ലാഹുവോടും ബന്ധമുണ്ടെന്ന് വന്നാൽ പോരാ; പ്രത്യുത നമ്മുടെ മുഴുവൻ ബന്ധവും അല്ലാഹുവോട് മാത്രമായിരിക്കേണ്ടതുണ്ട്. അതായത് ബന്ധങ്ങളിൽ ഒന്ന് അല്ലാഹുവിനോടുമായാൽ പോരാ; <u>അല്ലാഹുവോടുള്ള</u> ഏക ബന്ധം

അവരുടെ സാക്ഷാൽ ബന്ധമായിരിക്കണം. അല്ലാഹുവുമായുള്ള നമ്മുടെ ബന്ധത്തിന് ഉലച്ചിൽ തട്ടരുത്. അനുനിമിഷം അത് കൂടുതൽ ശക്തിപ്പെട്ട് വികസിക്കുന്നതിനെക്കുറിച്ചായിരിക്കണം അവർ സദാ ചിന്തിച്ചുകൊണ്ടിരിക്കേണ്ടത്" (*ഇസ്‌ലാമിക പ്രവർത്തകരുടെ ഉത്തരവാദിത്വങ്ങൾ*).

അല്ലാഹു പറഞ്ഞതായി നബി(സ) അരുൾ ചെയ്യുന്നു: "എന്റെ ദാസന് എന്നെ കുറിച്ച വിചാരമനുസരിച്ചാകുന്നു ഞാൻ. അവൻ എന്നെ സ്മരിക്കുമ്പോൾ അവനോടൊപ്പം ഞാനുണ്ട്. അവൻ സ്വന്തം മനസ്സിൽ എന്നെ സ്മരിച്ചാൽ ഞാൻ എന്റെ മനസ്സിൽ അവനെയും സ്മരിക്കുന്നു. അവൻ പ്രഗത്ഭരായ ആളുകളുടെ ഒരു സഭയിൽ എന്നെ സ്മരിച്ചാൽ അവരേക്കാൾ പ്രഗത്ഭരായവരുടെ സഭയിൽ ഞാൻ അവനെയും സ്മരിക്കുന്നു. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്തുവെങ്കിൽ ഞാൻ അവനിലേക്ക് ഒരു മുഴം അടുക്കുന്നു. അവൻ എന്നിലേക്ക് ഒരു മുഴം അടുത്തുവെങ്കിൽ ഞാൻ അവനിലേക്ക് ഒരു മാറ് അടുക്കുന്നു. അവൻ എന്നിലേക്ക് നടന്നു വരുന്നുവെങ്കിൽ ഞാൻ അവനിലേക്ക് ഓടിച്ചെല്ലുന്നു" (ബുഖാരി, മുസ്‌ലിം).

തിരുമേനി(സ) വീണ്ടും പ്രസ്താവിക്കുന്നു: " എന്റെ ദാസൻ ഐഹിക സൽക്കർമങ്ങളിലൂടെ എന്നോട് കൂടുതൽ അടുത്തുകൊണ്ടേയിരിക്കും; ഞാൻ അവനെ സ്നേഹിക്കുവോളം. ഞാൻ അവനെ സ്നേഹിച്ചാൽ അവൻ കേൾക്കുന്ന അവന്റെ കാതും അവൻ കാണുന്ന അവന്റെ കണ്ണും അവൻ ബലം പ്രയോഗിക്കുന്ന അവന്റെ കരവും അവൻ നടക്കുന്ന അവന്റെ കാലും ഞാനായിത്തീരുന്നു. അവൻ എന്നോട് ചോദിച്ചാൽ തീർച്ചയായും ഞാനവന് നൽകുന്നു. അവൻ എന്നോട് അഭയം തേടിയാൽ ഞാനവന് അഭയം നൽകുകയും ചെയ്യുന്നു" (ബുഖാരി). ഈ ഹദീസിനെ വഴിപിഴച്ച ചില സ്വൂഫീസരണികൾ ദുർവ്യാഖ്യാനം ചെയ്യാറുണ്ട്. എന്നാൽ ഈ ഹദീസിനെ നിരൂപിച്ച് ഒരു ഗ്രന്ഥം തന്നെ രചിച്ച (*അൽ ഫുർഖാൻ ബൈന ഔലിയാഇർറഹ്മാനി വ ഔലിയാഇ ശ്ശൈത്വാൻ*) ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ(റ) അത്തരം സംശയങ്ങളെല്ലാം ദൂരീകരിക്കുന്നുണ്ട്. അല്ലാഹുവിന്റെ ഔലിയാക്കൾ നാഥനോട് തഖ്‌വ പുലർത്തുകയും അനുഷ്ഠാനകർമങ്ങളിലെന്ന പോലെ ജിഹാദിലും നിഷ്ഠ പുലർത്തുകയും ചെയ്യുന്നവരാണെന്ന് പ്രവാചകന്മാരുടെ മാതൃക ഉയർത്തിക്കാട്ടി അദ്ദേഹം സമർഥിക്കുന്നു.

ഒരു വിശ്വാസി സദാ സമയവും അല്ലാഹുവുമായി മാനസിക ബന്ധം നിലനിർത്തുന്നവനായിരിക്കും. ദിവസം അഞ്ചു നേരത്തെ നിർബന്ധ നമസ്കാരങ്ങൾക്കു പുറമെ ഉറങ്ങാൻ കിടക്കുമ്പോൾ, ഉണരുമ്പോൾ, ബാത്ത് റൂമിൽ കയറുമ്പോൾ, ഇറങ്ങുമ്പോൾ, വസ്ത്രം ധരിക്കുമ്പോൾ, ഭക്ഷണം കഴിക്കുമ്പോൾ, വെള്ളം കുടിക്കുമ്പോൾ, ജോലിക്കു പുറപ്പെടുമ്പോൾ... ഒക്കെയും നമുക്ക് സുന്നത്തായ പ്രാർഥനകൾ നിർവഹിക്കേണ്ടതുണ്ട്. അഥവാ വിശ്വാസിയുടെ ജീവിതമഖിലം നാഥനോടുള്ള പ്രാർഥനയാണ്. അതുപോലെ വിശ്വാസി പരമമായി സ്നേഹിക്കുന്നതും ഭയപ്പെടുന്നതും പ്രതീക്ഷ പുലർത്തുന്നതും അല്ലാഹുവിങ്കൽ മാത്രമാണ്... എങ്കിൽ എപ്പോഴാണ് നമ്മുടെ മനസ്സ് അല്ലാഹുവിൽനിന്ന് വേർപെടുന്നത്? വിശ്വാസിയായ കച്ചവടക്കാരൻ അളവു തൂക്കങ്ങളിൽ ജാഗ്രത പുലർത്തുന്നത് അല്ലാഹുവിനെക്കുറിച്ച സ്മരണ നിമിത്തമാണ്. നബി(സ) വിത്ർ നമസ്കാരത്തിലെ ഖുനൂത്തിൽ ചൊല്ലിയിരുന്ന വരികൾ ശ്രദ്ധിക്കുക: "അല്ലാഹുവേ, ഞങ്ങൾ നിന്നോട് സഹായമർഥിക്കുന്നു. നേർമാർഗം തേടുന്നു. മാപ്പ് ചോദിക്കുന്നു. നിന്നിൽ വിശ്വസിക്കുന്നു. നിന്റെ മേൽ ഭരമേൽപിക്കുന്നു. നിന്നെ ഞങ്ങൾ സർവഗുണം കൊണ്ടും സ്തുതിക്കുന്നു. നിന്നോട് ഞങ്ങൾ നന്ദി കാണിക്കുന്നു. നിന്നോട് നന്ദികേട് കാണിക്കുന്നില്ല. നിന്നെ ധിക്കരിക്കുന്നവരെ ഞങ്ങൾ വെടിയുന്നു. അല്ലാഹുവേ, നിനക്ക് ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു. നമസ്കരിക്കുന്നു. സുജൂദ് ചെയ്യുന്നു. നിന്റെ ഭാഗത്തേക്കാണ് ഞങ്ങളുടെ തീവ്രയത്നങ്ങൾ. ഞങ്ങൾ നിന്റെ റഹ്മത്ത് കാംക്ഷിക്കുന്നു. നിന്റെ ശിക്ഷ ഭയപ്പെടുന്നു. നിന്റെ ഗുരുതരമായ ശിക്ഷ സത്യനിഷേധികളെ ബാധിക്കുന്നതാണ്". ■